സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് – ദേശീയ പെൻഷൻ പദ്ധതി – കുടിശ്ശിക, വിഹിതം എന്നിവ ഈടാക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 145/13/Est-I** നന്തൻകോട്, **25/10/2023**

---

പരാമർശം :– 1) 13–09–2023 ലെ ROC 145/13/Est-1 നമ്പർ സർക്കുലർ.
2)ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 20–10–2023 ലെ DA 874/23/B2/NPS നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ദേശീയ പെൻഷൻ പദ്ധതിയുടെ പരിധിയിൽ വരുന്ന ജീവനക്കാരുടെ NPS കുടിശ്ശിക ഈടാക്കുന്നത് സംബന്ധിച്ചും 09/2023 വരെയുള്ള കുടിശ്ശികയുടെ തവണയും 10/2023 ലെ വിഹിതവും 10/2023 ലെ ശമ്പളത്തോടൊപ്പം ഈടാക്കുന്നതിനും പരാമർശം 1 സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു.

ഇതിനെതിരെ ഒരു വിഭാഗം ജീവനക്കാർ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന ഹർജിയിന്മേൽ ടി നടപടി സ്റ്റേ ചെയ്ത് ബഹു ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ NPS കുടിശ്ശികയും വിഹിതവും 10/2023 മുതലുള്ള ശമ്പളത്തിൽ നിന്നും ഈടാക്കണമെന്നത് 11/2023 മുതലുള്ള ശമ്പളത്തിൽ നിന്നും എന്ന് ഭേദഗതി ചെയ്യണമെന്ന് വിവരിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ പരാമർശം 2 റിപ്പോർട്ട് ലഭിച്ചു.

ടി വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തു.

ദേശീയ പെൻഷൻ പദ്ധതിൽ ഉൾപ്പെട്ട ജീവനക്കാരുടെ 10/2023 വരെയുള്ള കുടിശ്ശികയും (പരാമർശം 1 സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ള ക്രമം) 11/2023 ലെ വിഹിതവും 11/2023 ലെ ശമ്പളത്തോടൊപ്പം ഈടാക്കുന്നതിന് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി